LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതബസ്സ് സർവ്വീസുകൾ

185 (2905) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ബസ് സർവ്വീസുകൾ നടത്തുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ലാഭം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2018 നവംബർ മാസത്തിലാണ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ A/C ഇലക്ട്രിക്ക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ 8 ഇലക്ട്രിക് ബസ്സുകളാണ് കോർപ്പറേഷനിലുള്ളത്. എന്നാൽ കോവിഡ് വ്യാപനംമൂലം സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെത്തുടർന്ന് നിലവിൽ ഇലക്ട്രിക് ബസുകൾ ഉപയോഗിച്ചുകൊണ്ടുള്ള സർവ്വീസുകൾ നടത്തുന്നില്ല. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത സർവ്വീസുകളിൽ നിന്നും ലാഭമുണ്ടായിട്ടില്ല.

(ബി) എങ്കിൽ ഇത്തരം സർവ്വീസുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുന്നാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് എന്നിവയുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ പാസ്സ്

186 (2906) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ സൗജന്യ പാസ്സ് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ പാസ്സ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, ബധിര-മൂകർ, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യമുള്ളവർ, അവരെ അനുഗമിക്കുന്നവർ, കാൻസർ രോഗികൾ, വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അവാർഡ് ജേതാക്കൾക്കുള്ള കോംപ്ലിമെന്ററി പാസുകൾ, എം.എൽ.എ, എം.പി, മുൻ എം.എൽ.എ, മുൻ എം.പി. എന്നിവർക്കും പത്രപ്രവർത്തകർക്കും സൗജന്യ/കൺസഷൻ യാത്രാപാസ് അനുവദിച്ചിട്ടുണ്ട്.

(സി) കൺസഷൻ നിരക്കിൽ യാത്ര ചെയ്യാൻ വിദ്യാർത്ഥികൾക്കോ മറ്റേതെങ്കിലും വിഭാഗങ്ങൾക്കോ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്ലസ് 2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. പ്ലസ് ടു തലത്തിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്ത് കൺസഷൻ യാത്ര അനുവദിച്ചിട്ടുണ്ട്.

(ഡി) കാസർകോട് പോലെ മറ്റ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽനിന്ന് ഇതര സംസ്ഥാനങ്ങളിലെ മംഗലാപുരം പോലെയുള്ള സ്ഥലങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ച വരുന്നില്ല.

(ഇ) ഇല്ലെങ്കിൽ മറ്റ സംസ്ഥാന സർക്കാരുകളുടെ ബസ്സുകളിൽ മലയാളി വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എന്തുകൊണ്ട് നൽകുന്നില്ലെന്ന് വിശദമാക്കാമോ; ഇത്തരം വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നിലവിൽ നൽകുന്നില്ല. ഇനി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. പ്രതിസന്ധി

187 (2907) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പെർമിറ്റില്ലാതെ ഏതു റൂട്ടിലും ബസ്സോടിക്കാൻ വൻകിട സ്വകാര്യ കമ്പനികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ പ്രതിസന്ധിയിലാക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly